(ബി) കേന്ദ്ര സർക്കാർ സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾക്കായി 2012-13 വർഷത്തിൽ എത്ര തുകയാണ് കേന്ദ്രം അനുവദിച്ചത് ; അതിൽ എത്ര ചെലവഴിച്ചു ; വിശദാംശം നൽകാമോ ;

(സി) ഒറ്റത്തവണയായി ലഭ്യമാവുന്ന കേന്ദ്രസഹായ പദ്ധതികൾ ഏതെല്ലാം; 2012-13, 2013-14 വർഷത്തിൽ എത്ര തുകയാണ് ധനസഹായമായി ലഭിച്ചത് ; അതിൽ എത്ര ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്ര പദ്ധതിയിനത്തിലും കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിലും 2013-14 വർഷത്തിൽ ലഭിച്ച കേന്ദ്രവിഹിതം സംബന്ധിച്ച വിശദാംശം അനുബന്ധം 1-ൽ ചേർക്കുന്നു.*

(ബി) 2012-13 കാലഘട്ടത്തിൽ കേന്ദ്ര പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതി എന്നിവയ്ക്കായി ആകെ 1200.60 കോടി രൂപ ലഭിക്കുകയും 1629.46 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഒറ്റത്തവണയായി ലഭ്യമാവുന്ന കേന്ദ്ര സഹായ പദ്ധതിയിനത്തിൽ 2012-13, 2013-14 വർഷങ്ങളിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

2011-12-ലെ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ

105 (7941) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) * റിപ്പോർട്ടിൽ സാധാരണക്കാർക്കും സർക്കാർ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും മറ്റും പ്രതികൂലമാകുന്ന ശുപാർശകളിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ ;

(സി) അൺ എക്കണോമിക്കായ സർക്കാർ/എയിഡഡ് സ്കൂളുകൾ അടച്ചുപൂട്ടണമെന്ന നിർദ്ദേശത്തിൽ എന്ത് നിലപാട് സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2011-12 വർഷത്തെ പബ്ളിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. സെയിൽസ് ടാക്സ് പ്രാക്ടീഷനർമാർ, നികുതി ഉദ്യോഗസ്ഥർ എന്നിവരുടെ സഹായത്തോടെ വ്യാപാരികൾ കണക്കുകൾ കൃത്രിമമായി കാണിക്കുന്ന പ്രവണത നിയന്ത്രിക്കുന്നതിന് കർശന നടപടികൾ കൈക്കൊള്ളണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

2. നികുതി അടയ്ക്കുന്നത് ഒഴിവാക്കുന്നതിനായി ചരക്ക് ഇല്ലാത്ത വണ്ടികളാണ് ചെക്പോസ്റ്റു വഴി കടന്നുപോകുന്നതെന്ന് വ്യാപാരികൾ പ്രസ്താവന നടത്തുന്നു. നിരീക്ഷണ ക്യാമറ, ശക്തിയേറിയ സ്കാനർ, ചെക്പോസ്റ്റുകളുടെ കമ്പ്യൂട്ടറൈസേഷൻ എന്നിവയിലൂടെ ഇത്തരം പ്രവണതകൾ തടയാനും ഇതിലൂടെ വരുമാന വളർച്ച മെച്ചപ്പെടുത്തുവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

3. നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുവാൻ അടിയന്തിരമായി നടപടി കൈക്കൊള്ളുവാനും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

4. കമ്മികൾ നിയന്ത്രിച്ച് കടത്തിന്റെ വളർച്ച കുറയ്ക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

5. റബ്ബറിന്റെ ഉൽപ്പാദനവും ഇതിന്മേലുള്ള വാറ്റ് ലഭ്യതയും തമ്മിൽ കടുത്ത അന്തരം നിലനിൽക്കുന്നതിനാൽ, റബ്ബർ ബോർഡുമായി സഹകരിച്ച് നികുതി വെട്ടിപ്പ് തടയാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിക്കുന്നു.

6. സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള എല്ലാ വായ്പകളും യഥാസമയം തിരിച്ചു പിടിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ധനകാര്യ വകുപ്പിൽ കേന്ദ്രീകൃത സംവിധാനം വേണ്ടതാണ്.

7. സാമൂഹ്യ മേഖലയിലെ വിവിധ സേവനങ്ങളിൽ നിന്നുള്ള യൂസർ ഫീ മെച്ചപ്പെട്ട രീതിയിൽ സമാഹരിക്കുന്നതിനും തദ്വാര സാമൂഹ്യ മേഖലയിലെ സേവനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തണമെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

8. വരുമാന വളർച്ചാ തോത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി സാമ്പത്തിക മേഖലയിലെ വിവിധ സേവനങ്ങളുടെ നിരക്ക് ഉചിതമായി പുനർനിർണ്ണയിക്കുവാനും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

9. സർക്കാർ ജീവനക്കാരുടെയും സ്വകാര്യ എയ്ഡഡ് സ്ഥാപനങ്ങളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിലുള്ള 56 വർഷത്തിൽ നിന്ന് 58 ആക്കി ഉയർത്തണമെന്ന് കമ്മിറ്റി ശുപാർശ ചെയ്യുന്നു.

10. സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ സ്കൂളുകളിലെയും റിട്ടയർമെന്റ് ഒഴിവുകളിലേക്ക് ലാഭകരമല്ലാത്ത സ്കൂളുകളിലെ അധികജീവനക്കാരെ പുനർ വിന്യസിക്കണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്.

11. ഗതാഗതം, ജലസേചനം, വെള്ളപ്പൊക്ക നിയന്ത്രണം, ജലവിഭവ സംരക്ഷണം, ഭവനം, വാർത്താവിനിമയം, പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ് പിന്നോക്ക വർഗ്ഗ ക്ഷേമം, വിദ്യാഭ്യാസം, കല, സാംസ്കാരികം, സഹകരണം എന്നീ മേഖലകളിൽ കൂടുതൽ മൂലധന നിക്ഷേപം നടത്തുന്നതിന് മുൻഗണന നൽകണം.

12. വിവിധ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്താനും അധികമുള്ള ജീവനക്കാരെ പുനർവിന്യസിക്കാനും നടപടി കൈക്കൊള്ളുവാൻ കമ്മിറ്റി ശുപാർശ ചെയ്യുന്നു.

13. പ്ലാൻ ഫണ്ട് മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കുന്നതിന് ധനകാര്യവകുപ്പ് നിഷ്കർഷിച്ചിട്ടുള്ളതുപോലെ 0:30:30:30 എന്ന അനുപാതത്തിൽ പാദാന്ത്യത്തിൽ ഫണ്ട് ധനകാര്യ വകുപ്പ് തന്നെ നൽകേണ്ടതാണെന്നും കമ്മിറ്റി ശുപാർശ ചെയ്യുന്നു.

(ബി) സർക്കാർ ഓഫീസുകൾ/സ്ഥാപനങ്ങളിലെയും സാമൂഹ്യ മേഖലകളിലെയും സർവ്വകലാശാലകളിലെയും സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമുള്ള ശുപാർശകളാണ് കമ്മിറ്റി നടത്തിയിട്ടുള്ളത്.

(സി) സ്വകാര്യ എയ്ഡഡ് സ്കൂളുകളിലെയും സർക്കാർ സ്കൂളുകളിലെയും റിട്ടയർമെന്റ് ഒഴിവുകളിലേക്ക് ലാഭകരമല്ലാത്ത സ്കൂളുകളിലെ അധിക ജീവനക്കാരെ പുനർവിന്യസിക്കണമെന്ന് മാത്രമാണ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

1281/2018

LIBRARY ARCHIVES Kerala Legislative Assembly